# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 147

6.01.2014- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

**ചോദ്യം**

ഡോ. ടി.എം.തോമസ് ഐസക്

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ കരാറിനുള്ള ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി എന്നാണ് ; എത്ര സ്ഥാപനങ്ങൾ കരാറിൽ പങ്കെടുക്കാൻ തയാറായിട്ടുണ്ട് ;

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ബ്രേക്ക് വാട്ടർ അസോസിയേറ്റഡ് ഡ്രഡ്ജിങ് ആന്റ് റിക്ലമേഷൻ ഫിഷ് ലാൻഡിങ് സെന്റർ, കോസ്റ്റ് ഗാർഡിനും ഇൻഡ്യൻ നേവിക്കും വേണ്ടിയുള്ള ബെർത്ത് എന്നിവയുടെ നിർമ്മാണത്തിനുള്ള ഇ.പി.സി. ടെൻഡറിന്റെ റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) സമർപ്പിക്കേണ്ട അവസാന തീയതി 21-01-2014 ആണ്. ടെൻഡറിൽ പങ്കെടുക്കുവാൻ തയ്യാറായിട്ടുള്ള സ്ഥാപനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ അതിനുശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ.

(ബി) പ്രസ്തുത പദ്ധതിയുടെ എല്ലാ ഘട്ടങ്ങൾക്കും പരിസ്ഥിതി അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ആദ്യഘട്ടത്തിന് പാരിസ്ഥിതിക അനുമതി നൽകുവാൻ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനോട് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൻമേലുള്ള അനുമതി ഔദ്യോഗികമായി ലഭ്യമാക്കേണ്ടത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയമാണ്.

| | |
|---|---|
| (സി) വനം - പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച സമിതി , പദ്ധതി നടപ്പിലാക്കുമ്പോൾ പാലിക്കുന്നതിനായി മുന്നോട്ട് വെച്ച നിബന്ധനകൾ എന്തെല്ലാമാണ് ; | (സി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ആദ്യ ഘട്ടത്തിന് ലഭിച്ച അന്തിമ അനുമതിയുടെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ; | ഡി) വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള അന്തിമ അനുമതി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ഇ) പദ്ധതി പ്രവർത്തനത്തിന് സംസ്ഥാനം പാലിക്കേണ്ടതായ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കുന്നതിന് ഉൾപ്പെടെ ആകെ എന്ത് തുക ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു; അതിനായി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയിൽ അവശേഷിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ? | ഇ) പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായി പാലിക്കുന്നതിന് പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് പ്രകാരം എൻവയോൺമെന്റൽ മാനേജ്മെന്റ് പ്ലാൻ ഇനത്തിൽ 140 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 846 കോടി തുകയിൽ നിന്നും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്കായി 250 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**Environmental and CRZ Clearance for Vizhinjam International Container Transhipment Terminal at Vizhinjam by M/s Vizhinjam International Seaport Ltd [F.No.11-122/2011-IA-III]**

The EAC noted that the Project Proponent has assessed all likely impacts due to the project and arrived at a suitable EMP. Also responded properly to all the issues raised in the Public hearing as well as in various representations made against the project. Therefore the EAC has recommended for grant of Environmental/ CRZ clearance stipulating following conditions":

*(i) "Consent for Establishment" shall be obtained from State Pollution Control Board under Air and Water Act and a copy shall be submitted to the Ministry before start of any construction work at the site.*

(ii) *Project Proponent shall carry out intensive monitoring with regular reporting six monthly on shore line changes to the Regional Office, MoEF.*

*(iii) The capital dredged material (7.6 Mm3) shall be utilised for reclamation of berths.*

*(iv) Additional fish landing centre shall be developed as part of the proposed Vizhinjam port for upliftment of fisheries sector.*

*(v) The project shall be executed in such a manner that there is minimum disturbance to fishing activity.*

*(vi) Steps would be taken to safeguard the interests of the fisheries sector as detailed in the Resettlement Action Plan (RAP), Corporate Social Responsibility (CSR) and in the Integrated Fishing Community Management Plan (IFCMP; namely a component of Rs.7.1 crores as part of the compensation package for the fisheries sector, as livelihood restoration measures for mussel collectors, shore seine fishermen and others, Rs.41.30 crores as part of CSR activities in the fisheries sector under (i) water supply scheme (7.3crores) (ii) new fishing landing centre (16crores) (iii) adoption of existing fishing harbor (5crores) (iv)sea food park(4crores) (iii) skill development centre(4crores) (iv)environmental sanitation (3crores) and (v) solid waste management(2crores).*

*(vii) Rail connectivity shall be parallel to the harbour road on elevated structures at +4/5.00 ~~m level without affecting the entry to the existing harbor.~~*

*(viii) Compensation packages in accordance with the Central/State Government norms shall be given to all the authorised-cum-affected (having valid clearances as applicable) resort owners.*

*(ix) The port shall ensure that all ships under operation follow the MARPOL Convention regarding discharge or spillage of any toxic, hazardous or polluting material like ballast water, oily water or sludge, sewage, garbage etc. The emission of NOx and SOx shall remain within permissible limits*

*(x) CSR activities shall cover villages within 10 km radius of the project.*

*(xi) Oil spill Contingency Management Plan shall be put in place.*
*(xii) All the recommendations of SCZMA shall be complied with.*

*(xiii) The responses/commitments made during public hearing shall be complied with in letter and spirit.*

*(xiv) All the recommendations of the EMP shall be complied with in letter and spirit. All the mitigation measures submitted in the EIA report shall be prepared in a matrix format and the compliance for each mitigation plan shall be submitted to MoEF along with half yearly compliance report to MoEF-RO.*

*(xv) The Ministry will examine and take necessary action in accordance with the prevailing regulation against the construction of temporary service road by project proponent.*

*(xvi) The project proponent shall bring out a special tourism promotion package for the area in consultation with the State Government and implement the same along with the project.*

*(xvii) The project proponent shall place on its web site its response to the Public Hearing, and representations as presented to the EAC in the 128th Meeting held on 23rd November 2013, for information of the general public.*